# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.25 January NO.1



HAPPY NEW YEAR

## ഹാപ്പിവോയ്സ്
## 25-ാം വയസ്സിൽ!!!

RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

## Gujarat Brethren Bible Institute

(2012 - ൽ നടത്തിയ ചില പ്രധാനപ്പെട്ട ശുശ്രൂഷകൾ)

1. പശ്ചിമ ബംഗാൾ ഔട്ട്റീച്ച് പ്രവർത്തനം( ഫെബ്രുവരി)
2. ജി.ബി.ബി.ഐ അലുമനി ഗെററ് ടുഗതർ (മാർച്ച്). (ജി.ബി.ബി.ഐ യിൽ നിന്നും വചനം പഠിച്ച് വിവിധ സംസ്ഥാ നങ്ങളിൽ പൂർണ്ണ സമയ ശുശ്രൂഷയിലായിരിക്കുന്ന 40 സഹോദരൻ മാരുടെ ഒത്തു കൂടൽ)
3. 10-ാം ബാച്ചിന്റെ ഗ്രാജുവേഷൻ(മാർച്ച്)
4. വി.ബി,എസും ഗ്രാമങ്ങളിലെ രാത്രിയോഗങ്ങളും( ജൂൺ)
5. തപി ജില്ലയിലെ മെഗാ കൺവെൻഷൻ (നവംബർ)
6. പഞ്ചാബിലെ ഔട്ട്റീച്ച് പ്രവർത്തനം.(ഡിസംബർ)
7. കേഡ ജില്ലയിലെ ഫാമിലി കോൺഫ്രൻസ്(ഡിസംബർ).

GUJARAT BRETHREN BIBLE INSTITUTE
PLOT.NO.147,SECTOR.7,GANDHIDHAM.
370201,KUTCH,GUJARAT.
e-mail:payyanursimon@gmail.com

## മുഖപക്ഷം എന്ന പാപം

ഇന്നു നമ്മുടെയിടയിൽ ഏററവും അധികം കണ്ടുകൊണ്ടിരിക്കുന്നതും അധികമധികമായി വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു പാപമാണ് മുഖപക്ഷം. ദൈവവചനം അറിയാവുന്നവരാണ് ഈ പാപം ചെയ്യുന്നത് എന്നതാണ് ഏററവും ഗൗരവകരവും ലജ്ജാകരവുമായ കാര്യം. ഈ പാപം ചെയ്തുകൊണ്ടിരിക്കുന്നവരിൽ സുവിശേഷകൻമാർ, മൂപ്പൻമാർ, സ്റേറജു പ്രസംഗകർ, തുടങ്ങി എല്ലാ തുറകളിലുള്ളവരുമുണ്ട്. ഇവരൊക്കെ ഈ പാപത്തിടിമപ്പെട്ട് കഴിയുകയാണ്.

ദൈവവചനം പറയുന്നത്, ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്തുകൊണ്ടിരിക്കുന്നില്ലാ എന്നാണ്. അതായത് തുടർച്ചയായി ഒരു ദൈവപൈതലിന് പാപം ചെയ്തുകൊണ്ടിരിക്കുന്നവാൻ കഴിയുകയില്ല എന്നു സാരം. മുഖപക്ഷം കാണിക്കുന്നവർ ആരായിരുന്നാലും അവർ ദൈവത്തിൽ നിന്ന് ജനിച്ചവനാണെന്നു പറയുക ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ സാദ്ധ്യമല്ല. ഇനി വായിക്കുന്നവർ ചിന്തിച്ചുകൊൾക. നിങ്ങളുടെ സഭയിൽ മുഖപക്ഷമില്ലേ. ഉണ്ടെങ്കിൽ ദൈവവചനം പറയുന്നു നീ ദൈവത്തിൽ നിന്ന് ജനിച്ചവനല്ലായെന്ന്. ദൈവത്തിനു മുഖപക്ഷമില്ല, എന്നാൽ സാത്താനു മുഖപക്ഷമുണ്ട്. വായനക്കാർ ഒരു നമിഷം ചിന്തിക്കുക. (സൈമൺ പയ്യന്നൂർ)


Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125

VOL.25

Happy Voice - സന്തോഷ ധ്വനി

2013
NO.1

## പത്രാധിപർ എഴുതുന്നു:-



# ഹാപ്പിവോയ്സ് 25-ാം വയസ്സിൽ

ഹാപ്പിവോയ്സ് ഇരുപത്തിനാലു വർഷം പൂർത്തീകരിച്ച് 25-ാം വർഷത്തിലേക്ക് വിജയകരമായി പ്രവേശിക്കുവാൻ സഹായിച്ച സ്വർഗ്ഗത്തിലെ ദൈവത്തിനു നന്ദി കരേററുന്നു. ഉത്തരേന്ത്യയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഏക മലയാള ബ്രദറൺ പ്രസിദ്ധീകരണമാണ് ഹാപ്പി വോയ്സ്. നിരവധി വ്യക്തികളുടെയും പ്രവർത്തനങ്ങളുടെയും വചനവിരുദ്ധമായ നടപടികൾക്കെതിരെയും അനാത്മിയതയ്ക്കെതിരെയും ശക്തമായി തൂലിക ചലിപ്പിക്കുന്ന ശൈലിയായിരുന്നു ഹാപ്പിവോയ്സിന്റേത്. എന്നെയും പ്രസിദ്ധീകരണത്തെയും ഇല്ലാതാക്കാൻ ശ്രമിച്ചവർ നമ്മുടെയിടയിൽ നിരവധിയാണ്. അതിൽ സുവിശേഷകൻമാരും, പ്രസംഗപടുക്കളും,ഫണ്ടു നടത്തിപ്പുകാരും,നിരവധി വിദേശ സ്വദേശ സഭകളിലെ മൂപ്പൻമാരുമുണ്ട്. അപ്പമെന്ന കോൽ ഒടിച്ചുകളഞ്ഞവരും അപ്പവുമായി വന്ന കാക്കയെ കല്ല് പെറുക്കി എറിഞ്ഞ് ഓടിച്ചവരും, ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ദൈവം ഏവരെയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

ഒരു പ്രസിദ്ധീകരണം 25-ാം വർഷത്തിലേക്ക് പ്രവേശിക്കുക എന്നത് ശ്രമകരമായ കാര്യമാണ്. നമ്മുടെയിടയിൽ നിരവധി പ്രസിദ്ധീകരണങ്ങൾ ജനനത്തിലേ അകാല ചരമം വരിച്ച ചരിത്രമാണുള്ളത്. പ്രഗ്തഭരും സമ്പന്നരുമായ നിരവധിപേർ ചേർന്നു നടത്തി നിർത്തലാക്കിയ ഒരു പ്രസിദ്ധീകരണം അതിനു ഒരു ഉദാഹരണം മാത്രം. പണംകൊണ്ടോ പ്രമാണിത്യം കൊണ്ടോ ആത്മിക ശുശ്രൂഷകൾ നടക്കയില്ലായെന്നും ദൈവിക നടത്തിപ്പും ശരിയായ ദർശനവുമാണ് പ്രസിദ്ധീകരണത്തിനാവശ്യമെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞ നാളുകളിൽ ഹാപ്പിവോയസിനു സാധിച്ചു. എളിയവരായ ഞങ്ങളെ ദൈവം അതിനു സഹായിച്ചു. എല്ലാ മഹത്വവും അവനുമാത്രം.

ഹാപ്പിവോയ്സ് ഒരു കൺവെൻഷനുകളിലും സ്റ്റാളുകൾ ക്രമീകരിച്ച് വരിസംഖ്യ പിരിക്കാറില്ല. വരിസംഖ്യ തരാത്തവർക്ക് അയക്കാതിരിക്കാറുമില്ല. കണക്കുകൾ പരിശോധിച്ചാൽ ഭൂരിഭാഗംപേരും വാർഷിക വരിസംഖ്യയായ അമ്പതു രൂപപോലും തരാത്തവരാണ്. ഹാപ്പി വോയസിന് ഫിക്സഡ് ഡിപ്പോസിറേറാ പ്രത്യേക വരുമാന സ്രോതസ്സോ ഇല്ല. തികച്ചും വിശ്വാസത്താലുള്ള പ്രവർത്തനമാണ്. ➲ 2



ഇത് ദൈവം ഞങ്ങളെ ഏല്പിച്ച നിരവധി ആത്മിയ ശുശ്രൂഷകളിൽ ഒന്നായി കണ്ടുകൊണ്ട് ദൈവനാമമഹത്വത്തിനായി ചെയ്യുന്നുവെന്നുമാത്രം. ഹാപ്പിവോയ്സ്ന്റെ ശത്രുക്കൾ ഞങ്ങളുമായി സഹകരിച്ച നിരവധിപേരെ പിൻതിരിപ്പിച്ച് പ്രസാധനം നിറുത്തുവാൻ ശ്രമിച്ചിട്ടും ഇന്നും തുടരുന്നതിന്റെ കാരണം ഞങ്ങൾ മനുഷ്യരെ നോക്കി ആരംഭിച്ചതല്ല എന്നതിനാൽ തന്നെ. അതിനാൽ ദൈവം അനുവദിക്കുന്നിടത്തോളം ഹാപ്പിവോയ്സ് തുടരും.

ബഹുമാന്യ സഹോദരൻ ഫിലിപ്പ് കുട്ടി പുനലൂരിന്റെ വാക്കുകൾ വീണ്ടും ഇവിടെ കുത്തിക്കുറിക്കട്ടെ, “വിമർശിക്കേണ്ട എന്നല്ല, എന്നാൽ ശക്തമായ ഭാഷയും പേരുകളും ഒഴിവാക്കി അനാത്മിയതെക്കെതിരെ എഴുതണം”.

ഹാപ്പിവോയ്സ് തുടർന്നും സത്യത്തിനുവേണ്ടി നിലകൊള്ളും. അനാത്മിയതക്കെതിരെ ശബദ്മുയർത്തും. അതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുകയില്ല. നമ്മുടെയിടയിലെ യോഗ്യമല്ലാത്തതും വചനവിരുദ്ധവുമായ കാര്യങ്ങൾ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പൊതുജനസമക്ഷം കൊണ്ടുവരും. ജീവിതവിശുദ്ധി, ഉപദേശപിശക് എന്നിവയ്ക്കെതിരെ തൂലിക ചലിപ്പിക്കും. ഞങ്ങൾക്ക് ആരോടും വൈരാഗ്യമില്ല. ആവുന്നിടത്തോളം എല്ലാവരോടും സമാധാനം ആചരിക്കണമെന്നതാണ് ആഗ്രഹം. പണത്തിന്റെയും ബന്ധുബലത്തിന്റെയും മററും സ്വാധീനത്തിൽ ഭയപ്പെടുത്തി വായടപ്പിക്കുവാൻ ശ്രമിക്കാമെന്ന് ആരും വിചാരിക്കരുത്.

പലരും പറഞ്ഞ് കേട്ടിട്ടുണ്ട് ഹാപ്പിവോയ്സിൽ ഹാപ്പിയില്ലായെന്ന്. ഇങ്ങനെപറയുന്നവർ ഒരു സ്വയ പരിശോധനയ്ക്ക് വിധേയമാകുന്നത് നന്നായിരിക്കും. സകലമനുഷ്യരെയും ഹാപ്പിയാക്കുകയല്ല ഹാപ്പിവോയ്സിന്റെ ലക്ഷ്യം. ദൈവം ഹാപ്പിയാണെന്നതിനാലാണ് ഇന്നും ഹാപ്പിവോയസ് നിലനില്ക്കുന്നത്. അതിനാൽ അനാത്മികതയിൽ ഹാപ്പിയാകുന്ന വായനക്കാരുടെ സർട്ടിഫിക്കററ് ഹാപ്പിവോയ്സിനാവശ്യമില്ല.

കഴിഞ്ഞ വർഷങ്ങളിൽ ഹാപ്പിവോയ്സിനുവേണ്ടി ലേഖനങ്ങൾ അയച്ചു തന്നവർക്കും നിരവധി പംക്തികളിൽ പങ്കെടുത്ത മാന്യ സഹോദരി സഹോദരൻമാരോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

പോസ്റ്റൽ ചാർജ്ജ് വർദ്ധിച്ചതിനാൽ വിദേശത്തേക്കു മാസിക പോസ്റ്റലായി അയക്കാറില്ല. പി.ഡി.എഫ് ഫോർമാററിൽ ഇ-മെയിൽ വിലാസത്തിലാണ് ഇപ്പോൾ അയക്കുന്നത്. അതിനാൽ വിദേശ വായനക്കാരുടെ എണ്ണം പതിൻമടങ്ങ് വർദ്ധിച്ചു. ഇന്ത്യയിലേക്കുള്ള മാസിക എല്ലാ മാസവും ഒന്നാം തീയതിതന്നെ പോസ്റ്റ് ചെയ്ത് വരുന്നു,

തുടർന്നും മാന്യവായനക്കാരുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ. ഏവർക്കും ഹാപ്പിവോയ്സിന്റെ പുതുവത്സരാംശസകൾ.

Pray for Gujarat

# Gujarat Details

**The state was created in 1960**

out of the 17 northern districts of the former Bombay State: Ahmedabad, Amreli, Banaskantha, Bharuch, Bhavnagar, Dang, Jamnagar, Junagadh, Kheda, Kachchh, Mehsana, Panchmahal, Rajkot, Sabarkantha, Surat, Surendranagar, and Vadodara (Baroda).

In 1964 Gandhinagar District was formed from parts of Ahmedabad and Mahesana, and in 1966 Valsad District was split from Surat. On 2 October 1997 Anand District was split from Kheda, Dahod District was split from Panchmahal, Narmada District was split from Bharuch, Navsari District was split from Valsad, and Porbandar District was split from Junagadh. In 2000 Patan District was formed from parts of Banaskantha and Mahesana. On 2 Oct. 2007 Tapi is created as the state's 26th district.

**Gujarat now comprises 26 districts.**

**Chief Minister..............Sri: Narendra Modi**

| District Name | City | Population (2011)[2] | No evg |
|---|---|---|---|
| Ahmedabad | Ahmedabad | 7208200 | |
| Amreli District | Amreli | 1513614 | X |
| Anand | Anand | 2090276 | |
| Banaskantha | Palanpur | 3116045 | X |
| Bharuch | Bharuch | 1550822 | |
| Bhavnagar | Bhavnagar | 2877961 | X |
| Dahod | Dahod | 2126558 | X |
| Dang | Ahwa | 226769 | X |
| Gandhinagar | Gandhinagar | 1387478 | X |
| Jamnagar | Jamnagar | 2159130 | |
| Junagadh | Junagadh | 2742291 | |
| Kutch | Bhuj | 2090313 | |
| Kheda | Kheda | 2298934 | |
| Mehsana | Mehsana | 2027727 | X |
| Narmada | Rajpipla | 590379 | X |
| Navsari | Navsari | 1330711 | |
| Patan | Patan | 1342746 | X |



| | | | |
|---|---|---|---|
| Panchmahal | Godhra | 2388267 | X |
| Porbandar | Porbandar | 586062 | X |
| Rajkot | Rajkot | 3799770 | |
| Sabarkantha | Himmatnagar | 2427346 | X |
| Surendra Nagar | S Nagar | 1755873 | |
| Surat | Surat | 60.79.231 | |
| Tapi | Vyara | 806489 | |
| Vadodara | Vadodara | 4157568 | |
| Valsad | Valsad | 1703068 | X |

## Gujarat Brethren Evangelists Name & Place

(Malayali- 16, Gujarati-12)

SHAJI VARGHESE-CHICKLI-
RAJUMON.A.S-NAVASAR
JOSE DALI-VAPI
A.C.SHAJI-DAMAN-
N.REGU-SURAT
GUMMAN GAMMIT-SONAGADH
XAVIER ANTONY-BHARUCH
T.A.ANTONY-ANKLESHWAR
N.G.JOHN-BARODA
SANJAY PARMAR-ANAND
DANIEL BAEILY-NADIAD
JITENDRA PARMAR-NADIAD
JAYESH MACCWANA-VANOTI
JAYANTI MACCWANA-LINKADA
DANIEL CHRISTY-DHANDUKA
CHINTAN -MEHAMEDABAD
SHANTILAL KABHAI-HIMA
MAHINDRA BHAI-JUNAGRA
SAMUEL BHAI-CHUNEL
P.T.VARGHESE-AHMEDABAD
BHAILAL.M.SOLANKI-AHMEDABAD
RAJUDAS-AHMEDABAD
M.G.MATHAI-SURENDRANAGAR
P.T.JOHN-JAMNAGAR
T.L.JOSEPH-JAMNAGAR
DAVID.P.ISSAC-RAJKOT
V.P.MATHEW-SAMAKHYALI
SIMON PAYYANUR-GANDHIDHAM

**"THE HARVEST TRUELY IS PLENTEOUS, BUT THE LABOURERS ARE FEW. PRAY YE THEREFORE THE LORD OF THE HARVEST,THAT HE WILL SEND FORTH LABOURERS IN TO HIS HARVEST"**

***Publication***

***Happy Voice Malayalam Magazine***

***(Started-1988 - Gandhidham)***

***Institution***

***Gujarat Brethren Bible Institute***

***(Estd-2002- Gandhidham)***

# യഹോവ കരുതികൊള്ളും

**DAVID.P.ISSAC-RAJKOT**

ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിൻമേൽ ഇരിക്കുന്നു.(ആവ 11:12).

2012 ന്റെ 365 ദിനരാത്രങ്ങൾ നമ്മെ വിട്ടു കടന്നുപോയി. നാം 2013-ലേക്ക് പ്രവേശിച്ചിരിക്കുന്നു. 2012 കണ്ട പലരും പണ്ഢിത പാമര കുബേര ദരിദ്ര വ്യത്യാസമെന്യേ പ്രായഭേദമെന്യേ ലക്ഷോപലക്ഷം പുതുവർഷം കാണാതെ മൺമറയപ്പെട്ടു. ശേഷിച്ചവരായ നമ്മെ ദൈവം ആപത്തനർത്ഥങ്ങളിൽ നിന്നും രോഗ ദുഃഖങ്ങളിൽ നിന്നും മററും വിടുവിച്ച് സന്തോഷവും സമാധാനവും നൽകി കൂടാതെ അനവധി അനുഗ്രഹങ്ങളും നൽകി സഹായിച്ചു. നമ്മുടെ അവിശ്വസത്തയും അവിശ്വാസവും അനുസരണക്കേടും നോക്കിയാൽ ഈവിധ ഉപകാരത്തിനു നാം യോഗ്യരല്ല. 2012-ൽ നാം എത്രത്തോളം ദൈവത്തോടും ദൈവവചനത്തോടും ദൈവസഭയിലും വിശ്വസ്തരായിരുന്നുവെന്ന് പുനപരിശോധന നടത്തുവാനും നാം എടുത്ത എത്രയെത്ര തീരുമാനങ്ങൾ ദൈവത്തിനായി നിറവേററി അതിലെത്രമാത്രം ദൈവം പ്രാസദിച്ചുവെന്നും ഒരു തിരിഞ്ഞുനോട്ടം ആവശ്യമില്ലേ.

2012-ൽ നാം എടുത്ത തീരുമാനത്തിൽ വീഴ്ച വരുത്തിയതിൽ ചെയ്യാൻ സാധിക്കാതെപോയതിൽ ഇപ്പോൾ ലജ്ജിക്കയും ദുഃഖിക്കയും ചെയ്യുന്നില്ലേ. നഷ്ടപ്പെട്ട അവസരങ്ങളെ ഓർത്ത് വിലപിച്ചിട്ട് കാര്യമില്ല. നഷ്ടപ്പെട്ട സമയങ്ങൾ ഒരിക്കലും തിരിച്ചു കിട്ടുകയില്ല ഓർത്തുകൊൾക.

ദൈവജനമായ യിസ്രായേൽ മിസ്രയീമിൽ ഫറവോനടിമകളായി കഴിഞ്ഞപ്പോൾ അവരുടെ കഷ്ടത ദൈവം കണ്ടു. സങ്കടം ദൈവം അറിഞ്ഞു, നിലവിളി ദൈവം കേട്ടു. അവരെ ഫറവോന്റെ കയ്യിൽ നിന്നു രക്ഷിക്കുവാൻ ഇറങ്ങിവന്നു. ദൈവത്തിന്റെ കൈ വീര്യം പ്രവർത്തിച്ചു. അത്ഭുതത്താലും അടയാളങ്ങളാലും മോശ മുഖാന്തരം മിസ്രയീമിൽ നിന്ന് വിടുവിച്ചു. ഉണങ്ങിയ നിലത്തു കൂടി മറുകരയിലെത്തി. തങ്ങളെ പരാജയപ്പെടുത്തുവാൻ വന്ന സൈന്യത്തെ ചെങ്കടൽ മദ്ധ്യേ മുക്കികൊന്നുകളഞ്ഞു. ഇത്രയും സമൃദ്ധമായ നൻമ അനുഭവിച്ച ജനം ലോകത്തിൽ മററാരുമില്ല. എന്നാൽ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദൈവത്തെ മറന്നുകളഞ്ഞു വചനത്തെ അവിശ്വസിച്ചു ദൈവത്തിനും മോശയ്ക്കും എതിരായി പിറുപിറുത്തു. നിസാരകാര്യങ്ങളെ വലിയതായി കണ്ടു.

ഉയരത്തിൽ നിന്നും ദൈവം നൽകിയ ശക്തിമാൻമാരുടെ അപ്പമായ മന്നയും വളരെ പോഷകമുള്ള കാടയിറച്ചിയും പാറയിലെ വെള്ളവും ലഭിച്ചിട്ടും അവിശ്വസ്തരായി ദൈവത്തോടു പിറുപിറുത്തു. അവരുടെ അവിശ്വാസം നിമിത്തം അനുഗ്രഹത്തിനു പകരം ശാപം ഭവിച്ചു. പ്രിയരെ ദൈവം നമുക്കു 2012-ൽ എബനേസർ ആയിരുന്നു. 2013-ൽ യഹോവയിരെ ആയിരിക്കട്ടെ. പുതു വർഷം എല്ലാ ആലസ്യങ്ങളും വെടിഞ്ഞ് കർത്തവ്യ നിരതരായി ജീവിക്കാം.



# ഹാ എന്തു മനോഹരം

**CYRUS BENDICT-GUJARAT**

വിടർന്നു പുഷ്പിച്ചു നില്ക്കുന്ന പൂക്കൾ നയനങ്ങൾക്കു കുളിരേകുന്ന കാഴ്ചയാണ്. ഒരുമിച്ച് കൂട്ടമായി ആകാശത്തു പറക്കുന്ന പക്ഷികളെ ഇമവെട്ടാതെ നാം നോക്കി നില്ക്കും. ഇടയന് പിന്നാലെ കൂട്ടമായി പോകുന്ന ആടുകൾക്ക് പ്രത്യേക ചന്തമാണ്. യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് എന്ന വിശ്യോത്തര കവി അനുഭവത്തിൽ നിന്നു പാടുന്ന ചില വരികൾ സങ്കീർത്തനങ്ങളിലുണ്ട്. ഇതാ സഹോദരൻമാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു. ഉദ്യാനങ്ങളിൽ വിടർന്ന വർണ്ണജാലങ്ങൾ വിടർക്കുന്ന പുഷ്പങ്ങളെക്കാളും ആകാശത്തിൽ കൂട്ടമായി പറക്കുന്ന പക്ഷികളെക്കാളും ഇടയനായി പിന്നാലെ ചന്തമായിപ്പോകുന്ന ആടുകളെക്കാളും കവിഭാവനയുടെ മറേറതൊരു ഉപമാനങ്ങളെക്കാളും ഏററവും മനോഹരമായതെന്തെന്ന് പറയുവാൻ ശ്രമിക്കുകയാണ് ദാവീദ്. ഇതാ സഹോദരൻമാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും മനോഹരവുമാകുന്നു.

ഇതാ സഹോദരൻമാർ നാം ഇന്ന് അന്യോന്യം സഹോദരൻമാരാണ്. ആ നാമം ആ ബന്ധം നമുക്ക് നൽകിയത് കർത്താവാണ്. നിങ്ങളെല്ലാവരും സഹോദരൻമാർ. കർത്താവ് പറഞ്ഞ വാക്കുകൾ മത്തായി സുവിശേഷത്തിൽ കാണാം. ഒരമ്മയുടെ വയററിൽ നിന്ന് ഉരുവായവർ എന്നർത്ഥം ഈ പദത്തിനുണ്ട്. നാം ഒരപ്പന്റെ മക്കൾ .ഒരേ അപ്പത്തിന്റെയും പാനപാത്രത്തിന്റെയും പങ്കുകാർ. രക്ഷകനായ ക്രിസ്തു അവസാനത്തുള്ളി ചോരയും നൽകി പിശാചിന്റെ ബലമുള്ള കരങ്ങളിൽനിന്നു പിടിച്ചെടുത്ത് വിശുദ്ധ വംശമായവരുടെ കൂട്ടം ഒരുമിച്ച് ഒരുതോണിയിൽ അക്കരയ്ക്ക് യാത്ര ചെയ്യുന്ന സീയോൻ സഞ്ചാരികൾ, പരസ്പരം താങ്ങിയും ബലപ്പെടുത്തിയും ആശ്വസിപ്പിച്ചും വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിച്ചും നാം ഇതാ മുമ്പോട്ടു ഗമിക്കുന്നു. സഹോദരരായ നമ്മുടെ വാനുകളിൽ ക്രിസ്തു എന്ന ഏക നാമം ക്രിസ്തുവെന്ന ഏക ലക്ഷ്യം ക്രിസ്തു എന്ന ഗീതം സഹോദരരായ നാം സ്വയത്തിന് മരിച്ച് ജീവിതംകൊണ്ട് ഒന്നുചേർന്ന് ക്രിസ്തുവിനെ ഉയർത്തുമ്പോൾ സ്വർഗ്ഗത്തിലെ വീണകൾക്ക് വിശ്രമമില്ല, നമ്മുടെ ഐക്യത എന്ന ധൂപത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് സൗരഭ്യം പുകയായി പൊങ്ങുന്നു. നോഹയുടെ യാഗ സൗരഭ്യം ദൈവം മണത്തതുപോലെ ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിക്കുമ്പോൾ അതിൽ സൗരഭ്യവും ദൈവം മണക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് അനുഗ്രഹങ്ങൾ വിശുദ്ധൻമാരുടെ കൂട്ടത്തിന് നടുവിൽ നൃത്തംചെയ്യുന്നു. എന്നും സന്തോഷധ്വനികൾ. ക്രിസ്തുവിന്റെ സ്നേഹത്തിൽ പുഷ്പ പാശങ്ങളാൽ നാം ബന്ധിതരായിരിക്കുന്നു. പൊട്ടിയ വീണക്കമ്പിയിൽ നിന്ന് അബദ്ധ താളങ്ങൾക്ക് വിട. ➲ 11

# നാണമില്ലേ ബ്രദറുകാരേ?

**_Pastor:T.S.Balan-Chief editor -Defender_**

**ഉപദേശപരമായവിഷയങ്ങളിൽതീവ്രമായനിലപാടുസ്വീകരിക്കുന്നവരാണ് ബ്രദറുകാർ. വേർപാടിന്റെ ഉപദേശം ബ്രദറൻ ഉപദേശത്തിന്റെ അവിഭാജ്യ ഘടകവുമാണ്. ദുരുപദേശക്കാരുമായി ഒരുവിധ ത്തിലുള്ള ആത്മീയ കൂട്ടായ്മയും ബ്രദറുകാർക്ക് ഉായിരിക്കില്ല.ഇങ്ങനെയൊക്കെയാണ് കേട്ടിരുന്നത്. പക്ഷേ ഇപ്പോഴിതാ സി.വി. വടവനയെന്ന ബ്രദറുകാരൻ സകല സമുദായങ്ങളുമായും ഇണയല്ലാപ്പിണ കൂടുന്നു. തിരുമേനിമാരുമായി വേദി പങ്കിടുന്നു. ഉപദേശ വ്യത്യാസമില്ലാതെ കൂട്ടുകൂടുന്നു. ബ്രദറുകാർ മിുന്നതേയില്ല.ഇതെന്തു മറിമായം!**

**പെന്തക്കോസ്തുകാർഉപദേശസത്യങ്ങൾ ഉപേക്ഷിച്ചിട്ടുവർഷങ്ങൾ പലതായി. പെന്തക്കോസ്ത് നേതാക്കൻമാർ ജ്യേഷ്ഠാവകാശം വിറ്റ് പായസം കുടിക്കാൻ തുടങ്ങിയിട്ടു കാലം കുറെ ആയി.**

**എങ്കിലും ബ്രദറുകാർ തങ്ങളുടെ ഉപദേശങ്ങൾക്കുവേി നിലകൊിരുന്നു. പക്ഷേ ഇപ്പോഴിതാ ബ്രദറുകാർക്കും വഴി തെറ്റിയിരിക്കുന്നു. വടവന സകല ബ്രദറുകാരെയും സമുദായക്കാരുടെ തൊഴുത്തിൽ കെട്ടിയിരിക്കുന്നു. എന്നിട്ടും ഒരു ബ്രദറുകാരൻ പോലും പ്രതികരിക്കുന്നില്ല. നാണം എന്ന വാക്കിന്റെഅർത്ഥം ബ്രദറുകാരും മറന്നിരിക്കുന്നു എന്നു വ്യക്തം.**

# പാസ്റ്റർ.ടി.എസ് ബാലനുള്ള മറുപടി

**_Simon Payyanur_**

കർത്താവിൽ പ്രിയ സഹോദരൻ ടി.എസ്.ബാലന്, ക്രിസ്തീയ സ്നേഹ വന്ദനങ്ങൾ.

“നാണമില്ലേ ബദറുകാരേ” എന്ന ഡിഫൻഡർ ഡിസംബർ ലക്കത്തിൽ വന്ന ലേഖനമാണ് ഈ എഴുത്തിനാധാരം. ഉപദേശപരമായ വിഷയങ്ങളിൽ തീവ്രമായ നിലപാടു സ്വീകരിക്കുന്നവരാണ് ബ്രദറുകാരെന്ന സഹോദരന്റെ അഭിപ്രായം ശ്ളാഘനീയം. എന്നാൽ ഉപദേശം അറിയാവുന്ന ബ്രദറുകാർക്ക് വഴിതെററിയിട്ടില്ല. തെററുകയുമില്ല. ഏതെങ്കിലും ഒരു വ്യക്തിക്ക് സമുദായക്കാരുടെ തൊഴുത്തിൽ കെട്ടാൻ പററുന്ന ഒരു സമൂഹമല്ല ഞാനുൾപ്പെട്ടുനില്ക്കുന്ന ബ്രദറൺ സമൂഹം. ദുരുപദേശത്തിന്റെ കാററുകൾ എപ്പോഴൊക്കെ സഭയ്ക്കകത്ത് വീശിയിട്ടുണ്ടോ അതിനെതിരെ ശക്തമായി നിലനിന്ന് അത്തര ഉപദേശങ്ങളെ അതിന്റെ വഴിക്ക് വിട്ട ചരിത്രമാണ് ബ്രദറൺ സഭയ്ക്കുള്ളത്. ബ്രദറൺ ചരിത്രം പരിശോധിച്ചാൽ ഉദാഹരണങ്ങൾ നിരവധി ലഭിക്കും. ➲ 8



ഇവിടുത്തെ പ്രശ്നം ബ്രദർ.സി.വി.വടവന എക്യൂമെനിക്കൽ നിലപാടു സ്വീകരിക്കുന്നുവെന്നതാണ്. സി.വി.വടവന ബ്രദറൺ സമൂഹത്തിന്റെ പ്രതിനിധിയോ വ്യക്താവോ, ഏതെങ്കിലും ചുമതല വഹിക്കുന്നയാളോ, സുവിശേഷകനോ അല്ല. ഒരു സ്ഥലം സഭയിലെ വിശ്വാസി മാത്രമാണ്. അദ്ദേഹം തന്റെ വ്യക്തി പരമായ ഒരു പ്രസ്ഥാനം നടത്തുന്നു. ആ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടി വടവന മനസ്സിലാക്കിയ ഉപദേശത്തിനനുസൃതമായി മററു ദുരുപദേശക്കാരുമായി സഹകരിക്കുന്നു. ബ്രദറൺ സഭയിലെ വചനമറിയാവുന്ന ഒരു വ്യക്തി പോലും ഈ വിഷയത്തിൽ വടവനയെ അനുകൂലിക്കയില്ലായെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

പുതിയനിയമത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രാദേശിക സ്ഥലം സഭയും സ്വതന്ത്രമാണ്. സഭ ഒന്നിലധികം മൂപ്പൻമാരാൽ പരിപാലിക്കപ്പെടണം. ഒരു പ്രാദേശിക സഭയുമായി ബന്ധപ്പെട്ടു നില്ക്കുന്ന ഒരു വ്യക്തി ഉപദേശ വിഷയത്തിലോ ജീവിത വിശുദ്ധിയിലോ തെററിപ്പോയെന്നറിഞ്ഞാൽ അദ്ദേഹമുൾപ്പെട്ടു നില്ക്കുന്ന സഭയാണ് ആ വ്യക്തിക്കു നേരെ വചനപ്രകാരമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടത്. ഈ ഉപദേശമാണ് ബ്രദറൺ സഭ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ എന്റെ അറിവ് ശരിയാണെങ്കിൽ വടവനയുടെ പ്രാദേശിക സഭയെന്നു പറയുന്നത് തിരുവല്ലയിലെ മഞ്ഞാടിയിലുള്ള ബ്രദറൺ സഭയാണ്. ആ സഭയുടെ മൂപ്പൻമാരാണ് വടവനയുടെ ഇത്തരത്തിലുള്ള പ്രവൃത്തികളെ ചോദ്യം ചെയ്യേണ്ടതും തിരുത്തിക്കേണ്ടതും. അതിനാൽ പാസ്റ്റർ മുകളിൽ ചേദിച്ച ചോദ്യം മൊത്തം ബ്രദറുകാരോട് ചോദിക്കാതെ വടവനയുൾപ്പെട്ടു നില്ക്കുന്ന സ്ഥലം സഭയോടും ബ്രദർ.വടവനയോടും ആണ് ചോദിക്കേണ്ടത്. വടവനയ്ക്കും അദ്ദേഹം ഉൾപ്പെട്ടു നില്ക്കുന്ന സ്ഥലം സഭയിലെ മൂപ്പൻമാർക്കും അതിനു മറുപടി പറയാനുള്ള കഴിവുണ്ടെന്നാണ് ഞാൻ കരുതുന്നത്.

പാസ്റ്റർ ബാലന്റെ അഭിപ്രായപ്രകാരം പെന്തക്കോസ്തിലെ ഭൂരിഭാഗംപേരും കള്ളൻമാരും ദുർനടപ്പുകാരുമാണ് എന്നാണല്ലോ. അങ്ങനെയെങ്കിൽ ബ്രദർ. ബാലനും അത്തരത്തിലുള്ള ആളാകുമോ? ഒരിക്കലുമില്ലായെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഒരു വ്യക്തി ചെയ്യുന്ന തെററുകളെ മുഴു സമൂഹത്തിന്റെ മുതുകിൽ കെട്ടിവെച്ച് ആക്ഷേപിക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ല. സത്യത്തിനുവേണ്ടിയും ഉപദേശത്തിനുവേണ്ടിയും നിലകൊള്ളുന്ന ബ്രദർ.ബാലനെ ഈ വിഷയം പ്രത്യേകം പറഞ്ഞു മനസ്സിലാക്കേണ്ടുന്ന ആവശ്യമില്ലല്ലോ.

ആയതിനാൽ ശരിയായ ബ്രദറുകാർക്ക് വഴിതെററിയിട്ടില്ല. വഴി തെററുകയുമില്ല. ബ്രദർ.വടവനയുടെ എക്യൂമെനിക്കൽ കൂട്ടുകെട്ടിനോട് ഒരു ബ്രദറുകാരനും യോജിക്കുകയില്ലായെന്നുമാണ് ഞാൻ കരുതുന്നത്. വടവനയുടെ ഇത്തരത്തിലുള്ള കൂട്ടുകെട്ടുകൊണ്ട് ബ്രദറൺ സമൂഹത്തിന് ഒന്നും സംഭവിക്കുകയുമില്ല. ➲ 10

# ലജ്ജയായതിൽ മാനം തോന്നിയാൽ

**(Defender December 16- 2012)**

ക്രിസ്ത്യൻ എക്സ്പോ എന്ന മഹാസംഭവം ഡിസംബർആദ്യവാരം തിരുവല്ലയിൽ അതിഗംഭീരമായി ആഘോഷിച്ചു. വടവനയ്ക്കും കൂട്ടർക്കും ശരിക്കു ഷൈൻ ചെയ്യാൻ കഴിഞ്ഞു .കൈ നിറയെ പണം ലഭിക്കുകയും ചെയ്തിരിക്കാം. പക്ഷേ ഈ കോലാഹലം കൊ് ആത്മീയ രംഗത്ത് എന്തു നേട്ടമുായി എന്ന് അറിയാൻ ഡിഫെൻഡറിനു താൽ പര്യമു ് .

ക്രിസ്ത്യൻ എക്സ്പോയുടെ ഉദ്ഘാടന വാർത്തയോടൊപ്പം മനോരമയിൽ പ്രസിദ്ധീകരിച്ച ഫോട്ടോയാണ്മുകളിൽകാണു ന്നത്.(ഫോട്ടോ കാണേണ്ടവർ ഡിഫൻ ഡർ ഡിസംബർ 16 ലക്കം നോക്കുക) വിവിധ സഭകളിലെ തിരുമേനിമാർ നിരന്നിരിക്കുന്നു.കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ഒരു കൾട്ടിന്റെ നേതാവായ മാത്യൂസ് വർഗീസും അക്കൂട്ടത്തിലു്. നടുവിൽ കെ.സി. ജോണും വടവനയും. മൂലയ്ക്കു മോനായി. പിന്നിൽ അജ്ഞൻ.ഹായ്, എത്ര മനോഹരമായകാഴ്ച! ആത്മീയത കരകവിഞ്ഞ ് ഒഴുകു കയാണ്.

ഒരു മനുഷ്യനും ഈ ഭൂമിയിൽ വച്ചു രക്ഷിക്കപ്പെടാൻപറ്റില്ല എന്നു പഠിപ്പി ക്കുന്ന സമുദായങ്ങളിലെ തിരുമേനിമാർ ഒരുവശത്ത് . ഇഹലോകജീവിതത്തിൽ തന്നെ രക്ഷിക്കപ്പെടാമെന്നും ഇപ്രകാരം രക്ഷിക്കപ്പെടാത്തവരെല്ലാം നിത്യനാശത്തിലേക്കു പോകുമെന്നും പഠിപ്പിക്കുന്ന പെന്തക്കോസ്തുകാർ,

രക്ഷ നഷ്ടപ്പെടുകയില്ലെന്നു പഠിപ്പിക്കുന്ന ബ്രദറുകാരൻ, എല്ലാവരുംഒന്നിച്ച് ഒരു വേദിയിലിരിക്കുന്നു. എന്തിന്? സംഗതിഎക്സ്പോ ആണത്രേ. വളച്ചു കെട്ടാതെ പറഞ്ഞാൽ പണമുാക്കാനുള്ള ഒരു വിദ്യ.

കഴിഞ്ഞ കുമ്പനാട് കൺവൻഷനിൽ മാർതോമ്മാ തിരുമേനി പ്രസംഗിച്ചു, ജനം ഹാലേലൂയ്യാ പറഞ്ഞു. കൺവൻഷൻ സ്റ്റേജിൽ നിന്നു തിരുമേനിപോയത് വിഗ്രഹത്തെ ആരാധിക്കാനാണ്. ഇതേ തിരുമേനിയുമു് ഈ സ്റ്റേജിൽ. മഹതിയാം ബാബിലോൺ എന്താണെന്നു മലയാളികളെ പഠിപ്പിച്ച കെ.ഈ. ഏബ്രഹാം ഇരുന്ന കസേരയിൽ ഇപ്പോൾ വാണരുളുന്ന കെ.സി. ജോൺ സ്റ്റേജിന്റെ നടുവിലു്. വിശുദ്ധരോമം എഴുതിയ മഹാനാണ് ഇതിന്റെ മുഖ്യ സംഘാടകൻ.ഒന്നിച്ച് ഒരു വേദിയിലിരിക്കുന്നു. എന്തിന്? സംഗതിഎക്സ്പോ ആണത്രേ.വളച്ചു കെ ട്ടാതെ പറഞ്ഞാൽ പണമുാക്കാനുള്ള ഒരു വിദ്യ. ➲ 10



പ്രിയ സഹോദരങ്ങളേ,റ്റി.എസ്. ബാലൻ എന്ന ഈ യുള്ളവന് ഇതൊന്നും മനസ്സി ലാകുന്നില്ല. കത്തോലിക്കാ സഭ ദൈവസഭയാണെങ്കിൽ, ആ സഭയുടെ ഉപദേശം രക്ഷയ്ക്കു മതിയായതാ ണെങ്കിൽ, വടവന എന്തിന്ആ സഭ വിട്ടു? എന്തിനു വിശുദ്ധരോമം എന്ന പുസ്ത കമെഴുതി?ക്രൈസ്തവ സമുദായങ്ങളു ടെ ഉപദേശങ്ങൾ വചനാനുസൃതമാണെങ്കിൽ ഐ.പി.സി എന്തിന്?കെ.സി. ജോൺ ഇത്തരമൊരു സംഘടനയുടെ നേതാവായി രിക്കുന്നതു വഞ്ചനയല്ലേ?

വീ ും ജനനം പ്രാപിക്കാതെ നിത്യജീവൻ പ്രാപിക്കാൻ കഴിയുമോ? കഴിയുമെങ്കിൽ കർത്താവ് ഭോഷ്ക്കു പറയുന്നവനാണ്, വഞ്ചകനാണ്. അതല്ല, വീ ും ജനനം എന്നത് രക്ഷയ്ക്ക് അത്യന്താപേ ക്ഷിതമാണെങ്കിൽ ഏതെങ്കിലും പട്ടത്വസഭ ഇതു പഠിപ്പി ക്കുന്നുോ?ഈ തിരുമേനിമാർ നേതൃത്വംകൊടുക്കുന്ന സമുദായങ്ങൾ ദുരുപ ദേശ സംഘങ്ങളല്ലേ? അതുകൊ ല്ലേ ബ്രദറുകാരും പെന്തക്കോസ്തുകാരും മറ്റും ഉാകേതായി വന്നത്?പറഞ്ഞുവരുന്നതിന്റെചുരുക്കം ഇതാണ്: രക്ഷിക്കപ്പെടുക എന്നത് ഏതു മനുഷ്യനും ഒഴിവാക്കാനാവാത്ത കാര്യമാണ്. രക്ഷയുടെ ഉപദേശം പോലുംപഠിപ്പിക്കാത്ത സഭ ദൈവസഭയല്ല. ഈ തിരുമേനിമാർ നേതൃത്വം കൊടുക്കുന്ന സംഘടനകൾ രക്ഷയുടെ ഉപദേശത്തിൽ വിശ്വസിക്കുന്നില്ല, അതു പഠിപ്പിക്കുന്നുമില്ല. തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന് ഇവർ അവകാശ പ്പെടുന്നുമില്ല. ഇത്തരക്കാരുമായി ദൈവ മക്കൾക്ക് ഒരു കൂട്ടായ്മയുമില്ല.ഇത് ഇണയല്ലാപ്പിണയാണ്.

**മറുപടി... തുടർച്ച..**

എന്നാൽ ഏതെങ്കിലും ഒരു ബ്രദറുകാരൻ എക്യൂമെനിക്കൽ നിലപാടു സ്വീകരിക്കുന്നുവെങ്കിൽ ദൈവജനം അങ്ങനെയുള്ളവരെ മനസ്സിലാക്കിവേണ്ട നിലപാടു സ്വീകരിക്കണമെന്നും,ബ്രദറൺ മാദ്ധ്യമങ്ങളും സുവിശേഷകൻമാരും ഉപദേശസത്യത്തിനുവേണ്ടി നിലകൊള്ളുന്ന ഉപദേഷ്ടാക്കൻമാരും ഇങ്ങനെയുള്ളവരെ അകററി നിർത്തണമെന്ന അഭിപ്രായക്കാരനുമാണ് ഈ ലേഖകൻ.

ഇത്രയും ഞാൻ എഴുതിയത് ബ്രദറൺ സഭയുടെ ഒരു വ്യക്താവായിട്ടല്ല. ഒരു എളിയ ക്രിസ്തീയ പത്രപ്രവർത്തകൻ എന്ന നിലയിലും ഉപരിയായി പുതിയനിയമ ഉപദേശത്തിനുവേണ്ടി പൊരുതുന്ന ഒരു ബ്രദറൺ സുവിശേഷകൻ എന്നനിലയിലുമാണ്. ബ്രദർ.വടവനയുടെ എക്യൂമെനിക്കൽ ശുശ്രൂഷകൾ തികച്ചും തെററാണെന്നും അതിനു ഒരു മാററം വരും ദിവസങ്ങ ളിൽ അദ്ദേഹം വരുത്തുമെന്നും, ഇങ്ങനെയുള്ള കാര്യങ്ങൾ ബദറൺ സമൂഹം തിരിച്ചറിയുമെന്നും പ്രത്യാശിച്ചുകൊണ്ട് സ്നേഹത്തോടെ നിറുത്തട്ടെ, ദൈവം പാസ്റ്ററിന്റെ ശുശ്രൂഷകളെ ആദരിക്കട്ടെ.

വാൾ വാക്കുകളാൽ മുറിവേററിടങ്ങളിൽ സ്നേഹലേപനം മാർദവചർമ്മ വിരലുകളാൽ പതിയെ പുരട്ടി നൽകാം. ഐക്യതയുടെ വേലിക്കെട്ടിനുള്ളിൽ തന്നെക്കാൾ മററുള്ളവരെ ശ്രേഷ്ഠരെന്നെണ്ണാനുള്ള ഹൃദയവിശാലത നമുക്കുണ്ടാകട്ടെ. രണഭൂമിയിലെ ഏകാന്തത മനം മടുപ്പിക്കുന്നു. സുവിശേഷ രണാങ്കണങ്ങളിൽ ഒരുമ,സഹകരണം, സംഘടിച്ചുള്ള മുന്നേററങ്ങൾ അല്ലെങ്കിൽ പല ദീപങ്ങളും അണഞ്ഞുപോകും. എസ്കോർ താഴ്വരയിലെ മുന്തിരിക്കുലപോലെ ആകട്ടെ നാം. കുലയിൽ നിന്ന് ഒരു മുന്തിരി അടർത്തിയാൽ അത് ഏററവും ബലഹീനം. ചേർന്നിരുന്നാൽ ശക്തം ഭാരമേറിയത് അപ്രകാരമാകണം. നാം മാതള നാരകംപോലെ പൊട്ടിച്ചാൽ ഒന്നോടൊന്ന് പററിപററി ചേർന്നിരിക്കുന്ന അല്ലി കൂട്ടങ്ങൾ. സമൃദ്ധമായ ജീവനെ അവ പ്രതിനിധാനം ചെയ്യുന്നു. ഒന്നായിരുന്നു നമ്മിൽ നിന്ന് ക്രിസ്തുവിന്റെ ജീവൻ സമൃദ്ധിയായി പരക്കട്ടെ. വചനമെന്ന വാളിന് നീതി എന്ന കവചമുണ്ട് കെട്ടുവാൻ അരയ്ക്ക് സത്യമുണ്ട്. സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു പാകമായ ചെരിപ്പായിട്ടുണ്ട്. ദുഷ്ടന്റെ തീയമ്പുകളെ കെടുക്കുന്ന വിശ്വാസം എന്ന പരിചയുണ്ട് രക്ഷയെന്ന ശിരസ്ത്രമുണ്ട്. പോരാതെ രഹസ്യകോവണിയുടെ രൂപത്തിൽ ശത്രുവിൽ നിന്ന് മറഞ്ഞിരിക്കാൻ പ്രാർത്ഥനയെന്ന ഉള്ളറയുണ്ട്. എന്നിട്ടും തോൽവികൾ. എടുത്തുകൊൾക. അവ മിനുസമുള്ള കല്ലുകൾ തോട്ടിൽ നിന്ന് തൊടുത്തുകൊൾക. അതിലൊന്ന് യഹോവയടെ നാമത്തിൽ ഗോല്യാത്തിൻമേൽ. നിശ്ചയം അവർ അലറി വീഴും. മതി അത്രയും മതി ശത്രുവിനെ ഇല്ലാതാക്കാൻ എന്നിരിക്കെ ശൗലും സേനാനായകരും പടജ്ജനവും പടചട്ടകൾ ധരിച്ച് കയ്യിൽ ആയുധവുമായി നിരായുധരെപോലെ പരാജയം രചിക്കുന്നതെന്ത്. ഒന്നു മനസ്സുവെക്കുമോ ആത്മാവിന് കീഴടങ്ങാൻ. ക്രിസ്തു നാമത്തെ ഉയർത്തുവാൻ, സ്വയത്തിനു മരിക്കുവാൻ എങ്കിൽ ശത്രുവിജയിക്കില്ല. ഈ പുതു വർഷം സീയോൻ പർവ്വതത്തിൽ ഹെർമ്മോന്യമഞ്ഞുപോലെയാകട്ടെ. അഹരോന്റെ ശിരസ്സിലെ വിശേഷ തൈലംപോലെ സൗരഭ്യമുള്ളതാകട്ടെ. അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്.

### ക്രിസ്തു മതം ഒന്നാമത്

ലോകജനസംഖ്യയിൽ

ക്രിസ്തു മത വിശ്വാസികൾ- 32 % (220 കോടി)

ഇസ്ലാം മത വിശ്വാസികൾ 23% (160 കോടി)

ഹിന്ദുക്കൾ 11% (100 കോടി).

ഗോത്രപരമ്പരാഗതവർഗ്ഗക്കാർ- 40 കോടി


ബുദ്ധമതക്കാർ- 50 കോടി

ജൂതമതക്കാർ- 1.4 കോടി

ബഹായി,സിഖ്,ജൈന...-ചെറുമതവിഭാഗങ്ങൾ- 5.8 കോടി

(പ്യൂറി സർച്ച്)





## ഗാനക്വിസ്. 151



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ജനുവരി 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. തവമുഖത്തിൻ സൗന്ദര്യമെൻ**
**കണ്ണുകൾ കണ്ടിടുംതോറും...**

**ഗാനക്വിസ് 149-ന്റെ ഉത്തരവും വിജയികളുടെ പേരുകളും;**

**എന്നേശുനാഥനെന്നുമെത്രനല്ലവൻ**
**എത്ര നല്ലവൻ താനെത്രനല്ലവൻ.**

**രചയിതാവ്: ജോർജ് പീററർ-ചിററൂർ**

1.M.V.Samuel-Tiruvalla
2.Omana Varghese-Jabalpur
3.Jolly Samuel-Kochi
4.Saramma Samuel-Eraviperoor
5. Maggi Simon-Peramanagalam
6. Thankamma Varghese-Edayaranmula
7. Graison-Trivandrum
8.Mariamma Thomas-Kunnamthanam

09825169406 എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**payyanursimon@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

(ചീഫ് എഡിററർ)

## കർത്താവിന്റെ വേലയിൽ 25 വർഷം പൂർത്തീകരിച്ചു.

***(Bro.Simon Payyanur & Family)***

കർത്താവിന്റെ വേലയിൽ ഞങ്ങൾ ഗാന്ധിധാമിൽ ആയിട്ട് 25 വർഷം ആയിരിക്കുന്നു. അതിനു സഹായിച്ച സ്വർഗ്ഗത്തിലെ ദൈവത്തിനു നന്ദികരേററുന്നു. നിരവധി പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ കർത്താവ് ഞങ്ങളെ നിലനിർത്തി. ഞങ്ങളെ ദൈവം ഏല്പിച്ച ആത്മീയ ശുശ്രൂഷകൾ ചെറിയ നിലയിലെങ്കിലും ചെയ്യുവാൻ കർത്താവ് സഹായിച്ചു. സഹായിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ നാളുകളിൽ ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കയും സഹായസഹകരണങ്ങൾ കാണിക്കയും ചെയ്ത എല്ലാ സഭകളോടും വിശ്വാസികളോടും ഞങ്ങളുടെ നിസ്സീമമായ നന്ദി അറിയിക്കുന്നു. തുടർന്നും ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. ഭാര്യ.ലീലാമ്മയുടെ ആരോഗ്യത്തിനുവേണ്ടിയും, മക്കൾക്കുവേണ്ടിയും( Shanty-B.Sc Nurse & Shiny- B.Com 1st yr) പ്രാർത്ഥിച്ചാലും.

**(സൈമൺ പയ്യന്നൂർ)**

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

# *Happy Voice* - സന്തോഷധ്വനി


**Chief Editor**

***SIMON PAYYANUR***
***Tel: 02836-224763,226951,M-09825169406***
***e-mail: payyanursimon@gmail.com***

**CO-Editor**

***P.V.JOSE***
***Tel: 2291425; M- 09829053425***


***Annual Subscription;-***

India : Rs. 50.00

**Please Mail :-**
Articles, Letters,Subscription, Contribution to;


SIMON PAYYANUR
PLOT.NO.147,SECTOR.7,GANDHIDHAM.
370201,KUTCH,GUJARAT.
***Tel: 02836-224763,226951,M-09825169406***
***e-mail: payyanursimon@gmail.com***


OR

SIMON PAYYANUR, A/c .NO.10316650005 SBI
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ദൈവത്തിന്റെ അളവററ ദയയാലും അനേക ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയാലും ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ 11-ാമത്തെ ബാച്ചിന്റെ ഒരാഴ്ചത്തെ പരസ്യപ്രവർത്തനം പഞ്ചാബിലെ ഹോശിയാപൂർ ജില്ലയിലെ മാഹിൻപുരിലും പരിസര ഗ്രാമങ്ങളിലും അനുഗ്രഹകരമായി നടത്തുവാൻ കർത്താവ് സഹായിച്ചു.

ചെറിയ ചെറിയ യോഗങ്ങളും, നിരവധി ഗ്രാമങ്ങളിൽ പരസ്യമായി പ്രസംഗിക്കുവാനും സുവിശേഷപ്രതികളും ലഘുലേഖകളും വിതരണം നടത്തുവാനും കർത്താവ് സഹായിച്ചു. ബൈബിൾ സ്കൂളിലെ സഹോദരൻമാർക്ക് വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു പഞ്ചാബിലെ ഈ പ്രാവശ്യത്തെ പ്രവർത്തനം.

കടുത്ത ശൈത്യത്തിലും ശുശ്രൂഷകൾക്ക് ഭംഗം വരുവാൻ കർത്താവ് ഇടയാക്കിയില്ല. മാഹിൻപൂരിലെ സ്ഥലം സഭയുടെയും സുവിശേഷകൻ ബ്രദർ. ജഗദേവ് കുമാറിന്റെയും കുടുംബത്തിന്റെയും പൂർണ്ണസഹകരണം പ്രവർത്തനങ്ങൾക്ക് വളരെ സഹായകരമായിരുന്നു. ബ്രദർ. ജഗദേവിന്റെ പ്രവർത്തനഫലമായി നാലു സ്ഥലം സഭകൾ രൂപം കൊണ്ടിട്ടുണ്ട്. എല്ലാ സഭകളിലും പ്രാദേശികരായ വിശ്വാസികളാണുള്ളത്.

ജി.ബി.ബി.ഐ യിൽ നിന്നും ഗ്രാജ്വേററ് ചെയ്ത ബ്രദർ.ദീപക് സിംഗിന്റെ പുതിയ കൂടിവരവിന്റെ സ്ത്രോത്രശുശ്രൂഷയിലും ഞങ്ങൾക്ക് പങ്കെടുക്കുവാൻ ഇടയായത് ഒരു അഭിമാനമായി കരുതുന്നു. സുവിശേഷ വേലയോടുള്ള ബന്ധത്തിൽ പഞ്ചാബി സഹോദരൻമാരുടെ ഉത്സാഹവും സമർപ്പണമനോഭാവവും ശ്ളാഘനീയമാണ്. പ്രാർത്ഥിച്ച ഏവർക്കും നന്ദി.

**(സൈമൺ പയ്യന്നൂർ)**


ഒരു ഗ്രാമത്തിലെ പരസ്യയോഗത്തിൽ സഹോദരൻമാർ പാട്ടു പാടുന്നു.


200 വർഷം പഴക്കമുള്ള ഒരു സഭയുടെ മുമ്പിൽ ബ്രദർ.സൈമൺ പയ്യന്നൂർ.